# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3127

20-06-2014 ൽ മറുപടിയ്ക്ക്

## കരനെൽകൃഷിയുടെ പ്രോത്സാഹനം

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ കരനെൽകൃഷി ഈ സർക്കാരിന്റെ കാലയളവിൽ തുടർന്നും നടപ്പിലാക്കാതിരുന്നത് എന്തുകൊണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; കരനെൽകൃഷി വ്യാപകമാക്കിയാൽ നെല്ലുൽപാദനം വൻ തോതിൽ വർദ്ധിപ്പിക്കാനാവുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വർഷം മുതൽ കര നെൽകൃഷി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ കരനെൽകൃഷി ഈ സർക്കാരിന്റെ കാലയളവിലും നടപ്പിലാക്കി വരുന്നുണ്ട്. 2012-2013 വർഷം ഹെക്ടറിന് 7500/- രൂപ നിരക്കിൽ സബ്സിഡി നൽകി 3329.9933 ഹെക്ടറിൽ 248.35925 ലക്ഷം രൂപ ചെലവഴിച്ച് കരനെൽകൃഷി വികസന പദ്ധതി നടപ്പിലാക്കുകയുണ്ടായി. 2013-2014 വർഷം കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹെക്ടറിന് 7500/- രൂപ സബ്സിഡി നിരക്കിൽ നൽകി 3129.0024 ഹെക്ടറിൽ 234.67 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുണ്ടായി. 2012-13 ലും 2013-14 ലും കരനെൽകൃഷി നടപ്പിലാക്കുകയുണ്ടായി. |
| (ബി) | കരനെൽകൃഷി വ്യാപിപ്പിക്കുവാനും കരപ്പാടങ്ങളിൽ നെൽകൃഷി നടത്തുവാനും കൃഷിക്കാർക്ക് സഹായങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; കൃഷിയിടങ്ങൾ ഒരുക്കുന്നതിനും ഞാറ് നടുന്നതിനും കൊയ്യുന്നതിനും സൗകര്യപ്രദമായി കൊയ്ത്ത് യന്ത്രങ്ങൾ വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ പഞ്ചായത്ത് തലത്തിൽ കരനെൽകൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർക്കായി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ച് കൃഷിഭവൻ വഴി നടപ്പിലാക്കുന്നതാണ്. കരപ്രദേശങ്ങളിൽ നിലമൊരുക്കുന്നതിന് ഗാർഡൻ ടില്ലർ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ